# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2911** **07.12.2018 ലെ മറുപടി**

## കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ്

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ആന്റണി ജോൺ :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി- കവളങ്ങാട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കുടമുണ്ട പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം തടസ്സപ്പെട്ട് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.<br>കവളങ്ങാട് -വാരപ്പെട്ടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കുടമുണ്ട ചെക്ക് ഡാം കം പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണിയുമായി മുന്നോട്ടു പോയപ്പോൾ വാരപ്പെട്ടി ഭാഗത്തെ അപ്രോച്ച് റോഡ് പഴയ പൊതുമരാമത്തു റോഡുമായി ചേരുന്ന ഭാഗത്ത് ഡിപ്പാർട്ടുമെന്റ് സ്വകാര്യ വ്യക്തിയുടെ സ്ഥലം കയ്യേറി എന്നാരോപിച്ച് പ്രസ്തുത വ്യക്തി ബഹു. മുൻസിഫ് കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. തുടർന്ന് കോടതി നിർദ്ദേശപ്രകാരം കോതമംഗലം താലൂക്ക് സർവ്വെയർ, കോടതി തന്നെ ചുമതലപ്പെടുത്തിയ അഡ്വക്കേറ്റ് കമ്മീഷന്റെ സാന്നിദ്ധ്യത്തിൽ സ്ഥലം അളന്നു തിട്ടപ്പെടുത്തി<br>ഈ കേസ് ഇതുവരെ തീർപ്പാക്കിയിട്ടില്ല.<br>താലൂക്ക് സർവ്വെയർ അളന്നതനുസരിച്ച് സ്വകാര്യ വ്യക്തിയുടെ ഏകദേശം 1.18 സെന്റ് (48 $m^2$) സ്ഥലം സർക്കാർ ഭൂമിയോട് ചേർന്നു കിടക്കുന്നതായി വ്യക്തമാ |

| | | |
|---|---|---|
| | | ക്കപ്പെട്ടിട്ടുണ്ട്. ടി സ്ഥലം (48 $m^2$) ഉണ്ടെങ്കിൽ മാത്രമേ അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാക്കുവാൻ സാധിക്കൂ. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ ഐ.ആർ.2/313/18/ഡബ്ല്യു.ആർ.ഡി. എന്ന ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) (സി) & (ഡി) ചീഫ് എഞ്ചിനീയറിൽ നിന്നും അധിക വിവരം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | അപ്രോച്ച് റോഡ് നിർമ്മിക്കുവാൻ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | |
| (ഡി) | സാങ്കേതികപ്രശ്നങ്ങളും കാലതാമസവും ഒഴിവാക്കി അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**